നെല്ല് സംഭരണത്തിന് ധനസഹായം

83 (1878) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ നെല്ല് സംഭരണ വിപണന-സംസ്ക്കരണ വ്യവസായ സഹകരണ സംഘം (പാഡികോ) എന്ന സ്ഥാപനത്തിന് കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് നെല്ല് സംഭരിക്കുന്നതിന് കൃഷി വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കുമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2003 ജൂൺ മാസത്തിൽ ഒരു നിവേദനം ലഭിച്ചു.

(ബി&സി) നിവേദനത്തിലെ ആവശ്യം പരിശോധിച്ചു വരുന്നു.

നെല്ല് സംഭരണംമൂലം കർഷകർക്കുണ്ടായ നേട്ടം

84 (1879) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഈ വർഷം സംസ്ഥാനത്ത് നടപ്പാക്കിയ നെല്ല് സംഭരണംമൂലം കർഷർക്കുണ്ടായ നേട്ടം എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഓരോ ജില്ലകളിൽ നിന്നും എത്ര ടൺ നെല്ല് വീതം സംഭരിച്ചുവെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാന സർക്കാർ നെൽ കർഷകർക്ക് നൽകിയ ഏറ്റവും വലിയ സഹായമെന്ന നിലയിൽ അടുത്ത വർഷം ഈ പദ്ധതി കൂടുതൽ വിപുലമായ രീതിയിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊയ്ത്തു കാലത്ത് നെല്ലിന്റെ വില ക്രമാതീതമായി താഴുന്നത് തടയാനും കർഷകർക്ക് അവരവരുടെ നെല്ലിന് നല്ല വില ലഭിക്കുന്നതിനും നെല്ല് സംഭരണംമൂലം കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം കർഷകർക്ക് ഹെക്ടറിന് 3000 മുതൽ 5000 രൂപ വരെ ലാഭമുണ്ടായിട്ടുള്ളതായി കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2002-2003 വർഷം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നിന്നായി മൊത്തം 770070.91 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ആലപ്പുഴ	372564.84	ക്വിന്റൽ
കോട്ടയം	133036.17	"
പത്തനംതിട്ട	20000.00	"
പാലക്കാട്	129560.00	"
തൃശ്ശൂർ	114909.90	"

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കൃഷിക്കാരുടെ അഭിവൃദ്ധിക്കായി സ്പെഷ്യൽപാക്കേജ് പദ്ധതി .

85 (1880) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ കൃഷിക്കാരുടെ അഭിവൃദ്ധിക്കായി രൂപകൽപ്പന ചെയ്ത സ്പെഷ്യൽ പാക്കേജിൽ ആകെ എത്ര രൂപയാണ് ഉൾപ്പെടുത്തിയിരുന്നത് ;

(ബി) പ്രസ്തുത തുക ഏതൊക്കെ വിഭാഗത്തിന് എത്ര വീതമാണ് അനുവദിച്ചിരുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇങ്ങനെ അനുവദിച്ചിരുന്നതിൽ ഇതുവരെ എത്രരൂപ വീതം ഏതൊക്കെ കൃഷി വികസന വിഭാഗത്തിന് നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇനി ബാക്കി തുക എന്നേയ്ക്ക് നൽകാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2002 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ 95 കോടി രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം പ്രഖ്യാപിച്ച് 95 കോടി രൂപ താഴെ പറയും പ്രകാരമാണ് അനുവദിച്ചിരിക്കുന്നത്.

1. റബ്ബർ	40 കോടി	രൂപ
2. നാളികേരം (കൊപ്ര ഡ്രയറുകൾക്ക്)	11 കോടി	"
3. അടയ്ക്ക സംഭരണം	10 കോടി	"
4. കുരുമുളക്	5 കോടി	"
5. നെല്ല് കൃഷിക്ക് 350 രൂപാ ഉല്പാദന നിരക്കിൽബോണസ്	8 കോടി	"

LIBRARY ARCHIVES Kerala Legislative Assembly